**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **11-09-2023 - ൽ മറുപടിയ്ക്ക്**

**റോഡുകൾ നിർമ്മിക്കാൻ നബാർഡ് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) | റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കാത്ത പുതിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ ഫിനിഷിംഗ് വർക്കുകൾ, ഫസ്റ്റ് ഫ്ളോർ, സെക്കന്റ് ഫ്ളോർ എന്നിവയുടെ നിർമ്മാണം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് നബാർഡിന്റെ ധനസഹായത്തോടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി പൊ.മ.വ. കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ 05-12-2022 ൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നു. എന്നാൽ ടി എസ്റ്റിമേറ്റ് സമർപ്പിച്ചതിന് ശേഷം സ.ഉ.(സാ.ധാ.) നം. 566/2023/പൊ.വി.വ. തീയതി 21.01.2023 പ്രകാരം കെട്ടിടനിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ 1.50 കോടി രൂപ അനുവദിക്കുകയും ടി വർക്കിന്റെ ടെണ്ടർ കഴിയുകയും ചെയ്തിട്ടുണ്ട്. കൂടാതെ സെക്കന്റ് ഫ്ളോറിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ KIIFB ഫണ്ട് ലഭിച്ചിട്ടുണ്ട്. ആയതിനാൽ സ്കൂളിന് വേണ്ടി പുതിയ മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സമർപ്പിക്കുന്നതിന് എം.എൽ.എ. 28.03.2023 ന് നടന്ന മീറ്റിംഗിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ